# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4227 — 20/03/2018-ൽ മറുപടിക്ക്

## കാസർകോട് ജില്ലയിലെ കടവുകളിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോട് ജില്ലയിലെ കടവുകളിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 14 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഇന്റർവ്യൂ നടത്തിയിട്ടാണോ ഇവരെ നിയമിച്ചതെന്നും എത്ര പേർ ഇന്റർവ്യൂവിൽ പങ്കെടുത്തുവെന്നും ഇന്റർവ്യൂ നടത്തിയതാരാണെന്നും വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് പോർട്ടോഫീസർ, കാസർഗോഡ് പോർട്ട് കൺസർവ്വേറ്റർ എന്നിവർ 150 അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ നടത്തിയാണ് 14 പേരെ നിയോഗിച്ചിരിക്കുന്നത്. |
| (സി) | ഇന്റർവ്യൂവിൽ എത്ര പേരെ തെരഞ്ഞെടുത്തുവെന്നും ഇവരെ ഏതെല്ലാം കടവുകളിൽ നിയമിച്ചുവെന്നും വ്യക്തമാക്കാമോ; | | 14 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കൈതക്കാട്, മടക്കര, അച്ചാംതുരുത്തി, തളങ്കര, ചളിയം കോട്, മൊഗ്രാൽ പൂത്തൂർ, മഞ്ചേശ്വരം, ഓരിക്കടവ് എന്നീ കടവുകളിലായി 12 ആളുകളേയും 2 പേരെ ഓഫീസ് വർക്കിനും നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | ഇന്റർവ്യൂവിൽ പങ്കെടുത്തവരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ഡി) | എസ്.എസ്.എൽ.സിയും കമ്പ്യൂട്ടർ പരിജ്ഞാനവും. |
| (ഇ) | ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെയും തെരഞ്ഞെടുക്കപ്പെട്ടവരുടെയും യോഗ്യതകളും പരിചയസമ്പത്തും വ്യക്തമാക്കാമോ? | (ഇ) | ഇന്റർവ്യൂവിൽ പങ്കെടുത്തവരിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് എസ്.എസ്.എൽ.സിയും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യതയായി നിശ്ചയിച്ചത്. ഈ യോഗ്യതയുള്ള വരെയാണ് തെരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ